**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6140** **09-07-2024 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന കർമ്മ പരിപാടിയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ജനകീയമായ സംവിധാനം എന്ന നിലയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം നവകേരള സൃഷ്ടിക്കായുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ മേഖലയുടെ പങ്കാളിത്തം സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലി നൽകി ഉയർന്ന ജീവിത നിലവാരം പ്രധാനം ചെയ്യാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്കു ഒരു ബദലായും പ്രവർത്തിക്കാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോക നിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.<br><br>സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള സഹകരണ പ്രസ്ഥാനത്തിന് സംസ്ഥാനത്തെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന ഇടപെടലുകൾ നടത്താനുള്ള സാധ്യത വളരെ വലുതാണ്.<br><br>ചെറുകിട വ്യവസായം, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷി എന്നീ മേഖലകളിൽ പുതിയ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ തുടങ്ങാനായി വായ്പ നൽകി ടി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.<br><br>സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾക്ക് വായ്പ നൽകി വരുന്നുണ്ട്. |
| (ബി) | സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വിപണനം, പട്ടികജാതി-പട്ടികവർഗ്ഗം, വനിതാ-സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകൾക്കെല്ലാം പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വിപണനം, പട്ടികജാതി-പട്ടികവർഗ്ഗം, വനിതാ-സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകൾക്കെല്ലാം പ്രാധാന്യം നൽകികൊണ്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>ആരോഗ്യം</u>**<br><br>• **ടെക്നോ പാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ ആധുനിക മൈക്രോബയോളജി ലാബ്**<br><br>സർക്കാർ ധനസഹായത്തോടെ ടെക്നോ പാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ റേഡിയോളജി, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ ആധുനിക മൈക്രോ ബയോളജി ലാബ് ആരംഭിച്ചു.<br><br>**<u>വിദ്യാഭ്യാസം</u>**<br><br>• **കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയിറിംഗ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കൽ**<br><br>കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയിറിംഗ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി .<br><br>• **കേപ്പിൽ ടെക്ഫെസ്റ്റ്**<br><br>സാങ്കേതികവിദ്യ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനും വിദ്യാർഥികളുടെ നിലവാരം ഉയർത്തുന്നതിനുമായുള്ള പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് 2023 ഏപ്രിൽ 28,29 തീയതികളിൽ ടെക്ഫെസ്റ്റും മെയ് 4,5 തീയതികളിൽ കൾച്ചറൽ ഫെസ്റ്റും സംഘടിപ്പിച്ചു<br><br>• **നൈപുണ്യം**<br><br>നൈപുണ്യ വികസനത്തിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിന് കോഴ്സ് ഫീ വായ്പയായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

- **സഹകരണ ലൈബ്രറി.**

100 സഹകരണ ഗ്രന്ഥാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ സംസ്കൃതി എന്ന സാംസ്കാരികോത്സവം സംഘടിപ്പിച്ചു.

**<u>കൃഷി</u>**

- **നമ്മുടെ കൃഷി, നമ്മുടെ ഭക്ഷണം പദ്ധതി.**

സഹകരണ വകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേനെ സംസ്ഥാനത്തെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം നാളിതുവരെ 500 ഏക്കർ സ്ഥലത്ത് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

**<u>വിപണനം</u>**

- **സഹകരണ എക്സപോ – 2023**

സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനും വേദിയൊരുക്കുന്ന പദ്ധതി 2023 ഏപ്രിൽ 22 മുതൽ 2023 ഏപ്രിൽ 30 വരെ എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു.

- **ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി**

സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്ന പദ്ധതി നടപ്പിലാക്കി .

- **ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ആധുനിക കോഫി ഷോപ്പുകൾ ആരംഭിക്കുന്ന പദ്ധതി.**

വിനോദ സഞ്ചാരികൾക്കും മറ്റുള്ളവർക്കും ടൂർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതി. നിലവിൽ അഴീക്കൽ ബീച്ചിനു സമീപം ഒരു ടൂർ ഫെഡ് ഹൈജിനിക് കഫേ ആരംഭിച്ചിട്ടുണ്ട്.

**<u>പട്ടികജാതി-പട്ടികവർഗ്ഗ മേഖല</u>**

- **എസ്.സി/ എസ്.ടി സഹകരണ സംഘങ്ങൾക്കായുള്ള പദ്ധതി**

സംസ്ഥാനത്തെ എസ്.സി/ എസ്.ടി സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതി പ്രകാരം വിവിധ

| | | | |
|---|---|---|---|
| | | | എസ്.സി/ എസ്.ടി സഹകരണ സംഘങ്ങൾക്ക് ധന സഹായം നൽകിയിട്ടുണ്ട്.<br><br>**<u>വനിതാ-സാമൂഹ്യക്ഷേമം</u>**<br><br>• **കുടുംബത്തിന് ഒരു കരുതൽ ധനം പദ്ധതി.**<br><br>കുടുംബത്തിന് വിഷമഘട്ടത്തിൽ കരുതൽ ആകുന്ന തരത്തിൽ നിക്ഷേപവുമായി ബന്ധിപ്പിച്ച് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>• **കെയർ ഹോം രണ്ടാം ഘട്ടം ഭവനസമുച്ചയ നിർമ്മാണ പദ്ധതി**<br><br>പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയുടെ രണ്ടാം ഘട്ടം പാലക്കാട് ജില്ലയിലും കണ്ണൂർ ജില്ലയിലെ 18 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി പ്രവർത്തനം പുരോഗമിക്കുന്നു.<br><br>• **യുവതികൾക്കായി മൂന്ന് സഹകരണ സംഘങ്ങൾ**<br><br>യുവതികൾക്കായി കോട്ടയം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ മൂന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചതിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | • കേരള സർക്കാരിന്റെ ഒന്നാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിൽ സഹകരണ വകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന സ്ഥിരം തൊഴിൽ സൃഷ്ടിച്ചും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10000 തൊഴിൽ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. പദ്ധതി കാലയളവിൽ സഹകരണ വകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന 425 സ്ഥിരം തൊഴിലുകളും, 20,153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,578 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | • രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിൽ സഹകരണവകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും, കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ, എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35701 തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ സഹായം നൽകിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹായഹസ്തം പദ്ധതി മുഖേനെ സഹകരണ സംഘങ്ങൾ വഴി 14 ജില്ലകളിലായി 2949 വായ്പകളിലായി 5.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ